GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **തേവലക്കര** കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 03 വെള്ളിയാഴ്ച) രാവിലെ 10.00 മണിക്ക് **തേവലക്കര ഗ്രാമപഞ്ചായത്ത്** പ്രസിഡന്റ് അനിൽ.എസ് നിർവ്വഹിക്കുന്നു.

2. തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തും, സംസ്ഥാന കൃഷിവകുപ്പും, കുടുംബശ്രീയും, സഹകരണ സംഘങ്ങളും വ്യാപാരി വ്യവസായി ഏകോപന സമിതിയും സംയുക്തമായി 2026 ജൂലായ് 3, 4, 5 തിയ്യതികളിൽ വലപ്പാട് ചന്തപ്പടി മൈതാനിയിൽ വെച്ച് ഞാറ്റുവേലചന്ത സംഘടിപ്പിക്കുന്നു. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷിരീതി കേരളത്തിന്റെ ഒരു

മുതൽക്കൂട്ടാണ്. കാർഷിക പദ്ധതികളെ സംബന്ധിച്ച് കർഷകരിൽ അവബോധം ജനിപ്പിക്കുകയും കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനും വേണ്ടി ഞാറ്റുവേലച്ചന്തകളും കർഷക സഭകളും കർഷകർക്ക് ഗുണപ്രദമാകും. ഞാറ്റുവേലചന്തയിൽ വിത്ത്/നടീൽ വസ്തുക്കൾ, പച്ചക്കറി തൈകൾ, ജൈവവളം, ജൈവ കീടനാശിനി, കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷികേതര ഉൽപന്നങ്ങൾ എന്നിവയുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **കൊട്ടാരക്കര മുനിസിപ്പാലിറ്റി** കൃഷിഭവനിൽ വച്ച്കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 03 വെള്ളിയാഴ്ച) രാവിലെ 10.30 ന് **കൊട്ടാരക്കര** നഗരസഭ ചെയർ പേഴ്സൺ അനിത ഗോപകുമാർ നിർവ്വഹിക്കുന്നു.

4. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിലെ നെടുവത്തൂർ, പൂയപ്പള്ളി, വെളിയം, കരിപ്ര, എഴുകോൺ, കൊട്ടാരക്കര മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ കുരുമുളക് തൈകൾ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് കൊട്ടാരക്കര ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ധന്യ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്

9383470353, 9383470354, 9383470354, 9383470350, 9383470356, 9383470352, 9383470360, 9383470358 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ **പൂയപ്പള്ളി** കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 03 വെള്ളിയാഴ്ച) രാവിലെ 11.00 മണിക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശശികല എൽ നിർവ്വഹിക്കുന്നു. കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, നാടൻ പച്ചക്കറികൾ, മൂല്യ വർധിത ഉത്പന്നങ്ങൾ എന്നിവയുടെ വിപണനവും ഇതോടൊപ്പം വിവിധ കാർഷിക പദ്ധതികളുടെ വിശദീകരണ ക്ലാസുകളും ഉണ്ടായിരിക്കുന്നതാണ്

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കരമനയിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ (ഐ.എഫ്.എസ്.ആർ.എസ്.) നിറപുത്തരി വിളവെടുപ്പ് ഉത്സവത്തിന് ആവശ്യമായ നെൽകതിർ കെട്ടുകൾ (അയറുകൾ )ലഭ്യമാണ്. വിൽപ്പന വില 250/-, 500/-, 750/-, 1000/- രൂപ എന്നിങ്ങനെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343586 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ, **ചിറക്കര** കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 03 വെള്ളിയാഴ്ച) രാവിലെ 10.00 മണിക്ക് **ചാത്തന്നൂർ** എം എൽ എ, ബി ബി ഗോപകുമാർ നിർവ്വഹിക്കുന്നു.

8. മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേല ചന്ത ജൂലൈ 3, 4 (വെള്ളി, ശനി) തീയതികളിൽ കാരാട് ഇ.എം.എസ് സമുച്ചയത്തിന് സമീപം നടക്കും. ഞാറ്റുവേല ചന്തയോടനുബന്ധിച്ച്, 'ആത്മ കിസാൻ ഗോഷ്ഠി'യുടെ ഭാഗമായി ജൂലൈ 4 ശനിയാഴ്ച 'തേനീച്ച കൃഷിയിലൂടെ വരുമാനം' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന അവാർഡ് ജേതാവായ മലപ്പുറം എടപ്പറ്റ സ്വദേശി ഉമറലി ശിഹാബ് ക്ലാസുകൾക്ക് നേതൃത്വം നൽകും. പങ്കെടുക്കാൻ താല്പര്യമുള്ളവർ https://form.svhrt.com/6a44cc2c3fd706abb30c45f3 എന്ന ലിങ്ക് വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവർ നിർബന്ധമായും ക്ലാസിൽ പങ്കെടുക്കേണ്ടതാണെന്ന് കൃഷിഭവൻ അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് വാഴയൂർ കൃഷിഭവനുമായി ബന്ധപ്പെടുക.

9. ദേശീയ മത്സ്യകർഷക ദിനാചരണത്തോടനുബന്ധിച്ച് കൊച്ചി സിഎം എഫ് ആർ ഐ "കടൽ മത്സ്യവിത്ത് ഉൽപാദനത്തിലും കൃഷിയിലും" 8 മുതൽ 10 വരെ പരിശീലനം നൽകും. മത്സ്യകർഷകർ, സംരംഭകർ, ടെക്നിഷ്യൻമാർ, അധ്യാപകർ, ഗവേഷകർ, വിദ്യാർഥികൾ എന്നിവർക്കു പങ്കെടുക്കാം. ഓൾ ഇന്ത്യ നെറ്റ് വർക് പ്രോജക്ട് ഓൺ മാരികൾചർ പദ്ധതിക്കു കീഴിലാണു പരിപാടി. “ജൂലൈ 6നകം റജിസ്റ്റർ ചെയ്യണം." കൂടുതൽ വിവരങ്ങൾക്ക് 98462 17765 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

10. കാർഷിക നിർദ്ദേശം

തെങ്ങിൻ തടങ്ങളിൽ പച്ചിലവളച്ചെടികളായ പയർ, ഡെയിഞ്ച തുടങ്ങിയവയുടെ വിത്തുകൾ വിതയ്ക്കാം. 1.5 – 2 മീറ്റർ ചുറ്റളവുള്ള ഒരു തെങ്ങിൻ തടത്തിൽ 50 ഗ്രാം വിത്ത് പാകാം. രണ്ടര – മൂന്ന് മാസങ്ങൾക്ക് ശേഷം ഇവ തടത്തിൽ മണ്ണിനൊപ്പം ചേർത്ത് കൊടുക്കാവുന്നതാണ്. തുടർച്ചയായ മഴയും വെള്ളക്കെട്ട് മൂലവും, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി

ക്കുമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം.